# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>സമഗ്ര ദുരിത നിവാരണ ഇൻഷ്വറൻസ് പദ്ധതി</u>

7112 ശ്രീ. പി. സി. വിഷ്ണുനാഥ്
,, പാലോട് രവി
,, റ്റി. എൻ. പ്രതാപൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ദുരിത നിവാരണ ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഏതെല്ലാം മേഖലകളാണ് ഇൻഷ്വറൻസ് പരിരക്ഷയുടെ പരിധിയിൽ വരുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതിക്കുള്ള ധനസമാഹരണം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ദുരന്തനിവാരണ അതോറിറ്റി</u>

7113 ശ്രീ. വി. ഡി. സതീശൻ
,, സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിൽ ദുരന്ത നിവാരണ സംവിധാനം ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം വകുപ്പുകളാണ് ഇതിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>സുനാമി പുനരധിവാസ ഫണ്ട് വകമാറ്റം</u>

7114 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുനാമി പുനരധിവാസ ഫണ്ട് വകമാറ്റി ചെലവഴിച്ചതിനെതിരെ ശ്രീ. സ്റ്റീഫൻ സമർപ്പിച്ച കേസിലെ (ഒപി നം 19819/2010) വിധി നടപ്പിലാക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) 28-03-2012 ലെ കോടതി വിധി നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സമയബന്ധിതമായി വിധി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) കോടതി വിധിയിൽ പറഞ്ഞ പ്രകാരം വകമാറ്റി ചെലവഴിച്ച തുക തിരികെ സുനാമി ബാധിത പ്രദേശങ്ങളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വേണ്ടി ചെലവഴിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) കോടതി വിധി പ്രകാരം സി.എ.ജി. യുടെ അന്വേഷണത്തിന് ഇതുവരെ എന്തുനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഇ) സുനാമി പുനരധിവാസഫണ്ട് വകമാറ്റി ഏതെല്ലാം പദ്ധതികൾക്ക് എത്ര തുക വീതം ഏതെല്ലാം പ്രദേശങ്ങളിൽ ചെലവഴിച്ചുവെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>സർക്കാർ ഭൂമിയുടെ പാട്ട വ്യവസ്ഥകൾ</u>

7115 ശ്രീ.എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഏക്കർ സർക്കാർ ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്; ഇതിൽ നിന്നും ഒരു വർഷം ലഭിക്കുന്ന പാട്ടത്തുക എത്ര; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) ഇതിൽ കൃഷി(തോട്ടം ഉൾപ്പെടെ) വ്യവസായം എന്നീ ആവശ്യങ്ങൾക്ക് എത്ര ഭൂമി നൽകിയിട്ടുണ്ട്; ഇവയുടെ പാട്ട വ്യവസ്ഥ എന്താണ്; ഇതിൽ നിന്നും പാട്ടത്തുകയായി എത്ര രൂപ ലഭിക്കുന്നു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ക്ലബ്ബുകൾ, മറ്റ് സ്വകാര്യ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർക്ക് എത്ര ഭൂമി നൽകിയിട്ടുണ്ട്; ഇവയുടെ പാട്ട വ്യവസ്ഥ എന്താണ്; ഇതിൽ നിന്നും പാട്ടത്തുകയായി എത്ര രൂപ ലഭിക്കുന്നു; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ഡി) പാട്ട വ്യവസ്ഥ ലംഘിച്ച എത്ര പേരുടെ ഭൂമി ഈ സർക്കാർ വന്നതിന് ശേഷം തിരിച്ചെടുത്തിട്ടുണ്ട്; എത്ര ഭൂമി അപ്രകാരം ലഭിച്ചു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഇ) പാട്ട വ്യവസ്ഥ ലംഘിച്ച എത്ര പേരുടെ ഭൂമി ഈ സർക്കാർ വന്നതിനു ശേഷം തിരിച്ചു പിടിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു; എത്ര ഏക്കർ ഭൂമി ഇപ്രകാരം ലഭിക്കും; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ഹാരിസണ്‍ മലയാളം പ്ലാന്റേഷന്റെ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച്</u>

7116 ശ്രീ. പി. ഉബൈദുള്ള
'' എന്‍. ഷംസുദ്ദീന്‍
'' അബ്ദുറഹിമാന്‍ രണ്ടത്താണി
'' കെ. എന്‍. എ. ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഹാരിസണ്‍ മലയാളം പ്ലാന്റേഷന്റെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികള്‍ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തില്‍ നിയമനിര്‍മ്മാണം നടത്താന്‍ ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ അതിനുള്ള നടപടികള്‍ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

<u>ഹാരിസണ്‍ മലയാളം പ്ലാന്റേഷന്റെ ആധാരം വ്യാജമാണെന്ന കണ്ടെത്തല്‍</u>

7117 ശ്രീ. എ.കെ. ബാലന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഹാരിസണ്‍ മലയാളം പ്ലാന്റേഷന്റെ കൈവശമുള്ള ഏതെങ്കിലും വസ്തുവിന്റെ ആധാരം വ്യാജമാണെന്ന് വിജിലന്‍സ് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കില്‍ ഏതു വസ്തുവിന്റെ ആധാരമാണ് വ്യാജമെന്ന് കണ്ടെത്തിയതതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കണ്ടെത്തല്‍ ലാന്റ് റവന്യൂ കമ്മീഷണര്‍ ശരിവച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ അടിസ്ഥാനത്തില്‍ സര്‍ക്കാര്‍ എന്ത് തുടര്‍ നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) വിജിലന്‍സിന്റെ പ്രധാന കണ്ടെത്തലുകള്‍ എന്തൊക്കെയായിരുന്നെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ കണ്ടെത്തലുകള്‍ക്ക് എതിരെ ഹാരിസണ്‍ മലയാളം കോടതിയില്‍ നിന്ന് അനുകൂലമായി വിധി സമ്പാദിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(എഫ്) കോടതിയില്‍ സര്‍ക്കാര്‍ എന്ത് നിലപാടാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

ഭൂരഹിതകേരളം പദ്ധതി പ്രകാരം ചാത്തന്നൂർ നിയോജക മണ്ഡല പരിധിയിൽ നിന്നും ലഭിച്ച അപേക്ഷകൾ

7118 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന ഭൂരഹിതകേരളം പദ്ധതി പ്രകാരം ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ പരിധിയിൽ നിന്നും ആകെ എത്ര അപേക്ഷകളാണ് ലഭിച്ചിരുന്നത്; ഈ അപേക്ഷകൾ പരിശോധിച്ചതിൽ എത്രപേർക്ക് പദ്ധതി പ്രകാരം ഭൂമി ലഭിക്കുവാൻ അർഹതയുണ്ടെന്ന് കണ്ടെത്തിയെന്ന് അറിയിക്കുമോ;

(ബി) അർഹതപ്പെട്ട അപേക്ഷകരിൽ എത്രപേർക്ക് നാളിതുവരെ ഭൂമി ലഭ്യമാക്കിയിട്ടുണ്ട്; ശേഷിക്കുന്ന അപേക്ഷകർക്ക് ഭൂമി നൽകുവാൻ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ</u>

7119 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, കെ. രാജു
,, ജി.എസ്. ജയലാൽ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ രൂപീകരിച്ചതെന്നാണ്;

(ബി) ഈ ട്രൈബ്യൂണലിന് മുൻപാകെ ഇതുവരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതുവരെ എത്ര കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ട്;

(സി) കെട്ടിക്കിടക്കുന്ന കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കാൻ കഴിയാതിരിക്കുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) തീർപ്പായ കേസ്സുകളിൽ എന്തെല്ലാം തുടർനടപടികൾ ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

**വനഭൂമി കുടിയേറ്റ ക്രമീകരണ നിയമത്തിൽ 2013-ൽ പുറത്തിറക്കിയ ഉത്തരവ്**

7120 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1993-ലെ വനഭൂമി കുടിയേറ്റ ക്രമീകരണ നിയമത്തിൽ 2013-ൽ പുറത്തിറക്കിയ ഉത്തരവ് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ആയതിൽ അനന്തരവകാശിയെ നിർവ്വചിച്ചതിൽ ഉൾപ്പെടുത്തിയിട്ടുള്ള ''സ്റ്റാമ്പ്ഡ് ഇൻസ്ട്രുമെന്റ്'' എന്നതുകൊണ്ട് അർത്ഥമാക്കിയിട്ടുള്ളത് എന്താണ്;

(സി) ''സ്റ്റാമ്പഡ് ഇൻസ്ട്രുമെന്റ്'' എന്നത് രജിസ്റ്റർ ചെയ്ത കരാർ അല്ലായെങ്കിൽ എത്ര രൂപയുടെ മുദ്രപ്പത്രത്തിലായിരിക്കണം കരാർ തയ്യാറാക്കിയിരിക്കേണ്ടത്;

(ഡി) ഈ ഉത്തരവിൽ കാലഗണന സൂചിപ്പിക്കാത്തിനാൽ എന്നുമുതലുള്ള കൈമാറ്റത്തിനാണ് ഈ ഉത്തരവനുസരിച്ച് നടപടി സ്വീകരിക്കാനാകുകയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>പുറമ്പോക്ക് ഭൂമി</u>

7121 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നഗരസഭകളിലും കോർപ്പറേഷനിലും പഞ്ചായത്തുകളിലുമായി എത്ര പുറമ്പോക്ക് ഭൂമി ഇപ്പൊൾ ഗവൺമെന്റിന്റെ നിയന്ത്രണത്തിലുണ്ട് ; ഇവയുടെ വിസ്തൃതി സംബന്ധിച്ച ഏരിയ തിരിച്ചുള്ള കണക്ക് കോർപ്പറേഷൻ, നഗരസഭ, പഞ്ചായത്ത് അടിസ്ഥാനത്തിൽ ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ടി പുറമ്പോക്ക് ഭൂമിയിൽ കയ്യേറ്റം നടന്നിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദവിവരം, കയ്യേറിയ വ്യക്തി, സംഘടന എന്നിവയുടെ വിശദവിവരം നൽകുമോ ; ഇത്തരത്തിൽ നടന്നിട്ടുള്ള കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചു എന്നുള്ള വിവരം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

ഫ്ളാറ്റ് നിർമ്മാണ കമ്പനിയുടെ പുറമ്പോക്ക് ഭൂമി കൈയ്യേറ്റം

7122 ശ്രീ. എ.കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പാറ്റൂരിലെ പുറംപോക്ക് ഭൂമി മുംബൈ കേന്ദ്രമാക്കിയുള്ള അമൃത് മാൾ എന്ന സ്വകാര്യ ഫ്ളാറ്റ് നിർമ്മാണകമ്പനി കയ്യേറി ഫ്ളാറ്റ് നിർമ്മാണം ആരംഭിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പുറമ്പോക്ക് ഭൂമിയിൽ ഫ്ളാറ്റ് നിർമ്മാണം നടത്തുവാൻ ആരാണ് അനുവാദം നൽകിയത് ;

(സി) ആമയിഴഞ്ചാൻ തോടുമായി ബന്ധപ്പെടുത്തിയിരിക്കുന്ന സ്വീവറേജ് ലൈൻമാറ്റി സ്ഥാപിക്കാൻ ആരാണ് അനുവാദം നൽകിയത് ; ഈ സ്വീവറേജ് ലൈനിന്റെ വഴി തിരിച്ചുവിട്ടാൽ അഴുക്കു ഒഴുകി പോകില്ലെന്ന ഉപദേശം ലഭിച്ചിട്ടുണ്ടോ ;

(ഡി) ചട്ടവിരുദ്ധമായി പുറമ്പോക്കിൽ നിർമ്മാണം നടത്താൻ അനുമതി നടത്തിയവരുടെ പേരിൽ നിയമ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>പാറ്റൂരിൽ ഫ്ളാറ്റുനിർമ്മാണ കമ്പനിയുടെ സർക്കാർ ഭൂമി കൈയ്യേറ്റം</u>

7123 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ പാറ്റൂരിൽ ഫ്ളാറ്റു നിർമ്മാണ കമ്പനി സർക്കാർ ഭൂമി കയ്യേറിയതായ പരാതി സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് അന്വേഷണം നടന്നതെന്ന് വിശദമാക്കുമോ;

(സി) അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

കൊടകര പുലിപ്പാറക്കുന്നിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് നടപടി

7124 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊടകരയിലെ പുലിപ്പാറക്കുന്ന് നാല് സെന്റ് കോളനിയിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഇപ്പോഴത്തെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) ഇവർക്ക് പട്ടയം നൽകുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ കൈവശഭൂമിയുടെ പട്ടയം</u>

7125 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈവശഭൂമിയുടെ പട്ടയം ലഭിക്കാൻ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന എത്ര അപേക്ഷകൾ നിലവിലുണ്ട്; വില്ലേജ് തിരിച്ച് കണക്കുകൾ വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ എത്രപേർക്ക് പട്ടയം ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ചെറുവത്തൂർ പഞ്ചായത്ത് പുറമ്പോക്കിൽ താമസിക്കുവന്നവർക്ക് പട്ടയം</u>

7126 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ പഞ്ചായത്ത് പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം ലഭിക്കാനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

<u>സമയബന്ധിതമായി പട്ടയം നൽകുന്നതിന് നടപടി</u>

7127 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം, വെങ്ങാനൂർ, കല്ലിയൂർ, കോട്ടുകാൽ, കരുംകുളം, കാഞ്ഞിരംകുളം, തിരുപുറം എന്നീ വില്ലേജുകളിൽനിന്നായി പട്ടയത്തിനു വേണ്ടിയുള്ള എത്ര അപേക്ഷകൾ റവന്യൂ വകുപ്പിന്റെ കീഴിലുള്ള വിവിധ ഓഫീസുകളിലുണ്ടെന്ന് വിശദമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികൾ അടക്കമുള്ള ഈ അപേക്ഷകർക്ക് സമയബന്ധിതമായി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ പട്ടയമേള</u>

7128 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014 മാർച്ച് മാസത്തിൽ കാസർഗോഡ് ജില്ലയിൽ പട്ടയമേള സംഘടിപ്പിച്ചിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ മേളയിൽ എത്ര പേർക്ക് ഏതൊക്കെ വില്ലേജുകളിൽ എത്ര പട്ടയം വിതരണം ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇതിൽ എത്രപേർക്ക് പട്ടയപ്രകാരം നൽകിയ ഭൂമി അളന്ന് അതിർത്തി തിരിച്ച് നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

<u>പത്തനംതിട്ട ജില്ലയിൽ കൈവശഭൂമിക്ക് പട്ടയം ലഭിക്കാനുള്ള കർഷകർ</u>

7129 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര കർഷകരാണ് പത്തനംതിട്ട ജില്ലയിൽ കൈവശഭൂമിക്ക് പട്ടയം ലഭിക്കാൻ അപേക്ഷ നൽകിയിരിക്കുന്നത്; ഇവർക്കെല്ലാവർക്കും കൂടി എത്ര ഏക്കർ ഭൂമിയുടെ പട്ടയമാണ് നൽകാനുള്ളത്;

(ബി) ഇവർക്ക് പട്ടയം നൽകാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; ഇവർക്ക് പട്ടയം നൽകുന്നതിന് കാലതാമസം വന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഇവർക്ക് പട്ടയം നൽകാൻ എത്ര നാൾ കാത്തിരിപ്പുവേണ്ടിവരുമെന്ന് പ്രദേശം തിരിച്ച് വ്യക്തമാക്കാമോ;

(സി) ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞിട്ടുള്ള ഏതൊക്കെ വില്ലേജുകൾ പത്തനംതിട്ട ജില്ലയിൽ ഉണ്ട്; ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞ വില്ലേജുകളിലെ പട്ടയം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ജോയിന്റ് വെരിഫിക്കേഷൻ നടക്കാത്ത വില്ലേജുകൾ ഏതൊക്കെ; ഇവിടെ ജോയിന്റ് വെരിഫിക്കേഷൻ നടത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; ജോയിന്റ് വെരിഫിക്കേഷൻ എന്നത്തേക്ക് പൂർത്തിയാകും;

(ഇ) റാന്നി താലൂക്കിലെ ചൂരക്കുഴി, അത്തിക്കയം, തെക്കേത്തൊടി പ്രദേശങ്ങളിലെ കൈവശ കർഷകർക്ക് പട്ടയം ലഭിക്കുന്ന നടപടി ഏതുഘട്ടംവരെയായി; രണ്ടിടത്തും എത്ര അപേക്ഷകർ വീതമുണ്ടെന്ന് കണക്ക് നൽകാമോ; ഈ പ്രദേശങ്ങളിലെ പട്ടയം വൈകിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; തടസ്സങ്ങൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

ഭൂരഹിതർക്ക് നൽകാനായി മാവേലിക്കരയിൽ ഏറ്റെടുത്ത ഭൂമി

7130 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കായി മാവേലിക്കര മണ്ഡലത്തിൽ ഏറ്റെടുത്ത ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) മാവേലിക്കര മണ്ഡലത്തിലെ പൊതു ആവശ്യങ്ങൾക്കു ഉപയോഗിക്കുവാൻ കഴിയുന്ന ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ചടയമംഗലം മുല്ലപ്പന്തൽ എസ്റ്റേറ്റ് വിതരണം</u>

7131 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം ഇളവക്കോട് മുല്ലപ്പന്തൽ എസ്റ്റേറ്റ് ഭൂരഹിതർക്കായി വിതരണം ചെയ്യുന്നതിന് ഏറ്റെടുത്ത ശേഷം വിതരണം ചെയ്യാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഈ ഭൂമി ഭൂരഹിതർക്കായി വിതരണം ചെയ്യുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>നെൽ വയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി</u>

7132 ശ്രീ. ഇ.പി. ജയരാജൻ
,, എം. ചന്ദ്രൻ
,, സി.കെ. സദാശിവൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമം ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുന്നതിനായി മന്ത്രിസഭാ ഉപസമിതിയെ നിയോഗിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) നിയമനഭേദഗതിക്കായി മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലുള്ള വിഷയങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ചാവക്കാട് താലൂക്കിൽ നെൽവയൽ നികത്തിയതിനെതിരെ നടപടി</u>

T7133 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് താലൂക്കിൽ തൈക്കാട് വില്ലേജിൽ കുന്നത്തുള്ളി പട്ടികജാതി കോളനിക്കു സമീപമുള്ള നെൽവയൽ നികത്തപ്പെട്ട കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) നെൽവയൽ നികത്തിയതിനെതിരെ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) അനധികൃതമായി വയൽ നികത്തിയതാണെങ്കിൽ ആയത് പൂർവ്വസ്ഥിതിയിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് താലൂക്കിലെ വില്ലേജുകളിൽ ഭൂമി വില നിശ്ചയിക്കാത്തത് സംബന്ധിച്ച്</u>

7134 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ ചില വില്ലേജുകളിൽ ഭൂമി വില നിശ്ചയിക്കാത്തതു കാരണം ഭൂമി കൈമാറ്റത്തിന് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം വില്ലേജുകളിലാണ് ഭൂമിക്ക് വില നിശ്ചയിക്കാത്തതെന്ന് വിശദമാക്കുമോ;

(സി) എന്തുകൊണ്ടാണ് ഭൂമിക്ക് ഇതുവരെ വില നിശ്ചയിക്കാത്തതെന്ന് വിശദമാക്കുമോ;

(ഡി) ഭൂമി വില നിശ്ചയിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

<u>റിവർമാനേജ്മെന്റ് ഫണ്ട്</u>

7135 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റിവർമാനേജ്മെന്റ് ഫണ്ടിൽ 31.03.2014-ലെ കണക്ക് പ്രകാരം എത്ര തുകയാണുള്ളത്;

(ബി) 01.07.2011 മുതൽ 31.03.2014 വരെയുള്ള കാലയളവിൽ ആർ.എം.എഫ് ലേക്ക് ഓരോജില്ലയിൽ നിന്നും അടച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) നദിയും നദിതീരങ്ങളും സംരക്ഷിക്കുന്നതിനായി ഈ തുക ഉപയോഗിച്ച് എത്ര പ്രോജക്ടുകൾ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടപ്പിലാക്കി; ഓരോന്നിന്റേയും വിശദാംശം നൽകാമോ;

(ഡി) ഭാരതപ്പുഴയെ സംരക്ഷിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ ആണ് നാളിതുവരെ സ്വീകരിച്ചത്; വിശദാംശം നൽകാമോ;

(ഇ) ഭാരതപ്പുഴയുടെ സംരക്ഷണത്തിനായി നിശ്ചയിക്കപ്പെട്ട മാസ്റ്റർ പ്ലാനിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; അതിന്മേൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട് വിഹിതം</u>

7136 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ റിവർമാനേജ്മെന്റ് ഫണ്ടിൽ കഴിഞ്ഞ രണ്ടുവർഷം എത്ര രൂപ ലഭിച്ചുവെന്നും ഇത് ഓരോ പഞ്ചായത്തിൽ നിന്നും എത്ര രൂപ ലഭിച്ചു എന്നും വ്യക്തമാക്കാമോ;

(ബി) റിവർമാനേജ്മെന്റ് വിനിയോഗിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനും അനുമതി നൽകുന്നതിനും ഇപ്പോഴത്തെ നടപടി ക്രമങ്ങൾ വിശദമാക്കുമോ;

(സി) ഈ കാലയളവിൽ ഈ ഫണ്ടിൽ നിന്നു എതെല്ലാം പദ്ധതികൾക്ക് തുക അനുവദിച്ചു എന്ന് പഞ്ചായത്ത് തലത്തിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ചെറുതുരുത്തിയിൽ തടയണ നിർമ്മാണം</u>

7137 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ ചെറുതുരുത്തിയിൽ ഭാരതപ്പുഴക്കു കുറുകെ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നിർമ്മാണം ആരംഭിച്ച തടയണയുടെ പ്രവൃത്തി ആരംഭിച്ചതെന്നാണെന്നും എസ്റ്റിമേറ്റ് തുക എത്രയായിരുന്നുവെന്നും ഇതേവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും പറയാമോ;

(ബി) പ്രസ്തുത തടയണയുടെ നിർമ്മാണം ഇപ്പോൾ നിറുത്തി വച്ചിരിക്കുന്ന വിവരം അറിയുമോ; എങ്കിൽ അതിനുള്ള കാരണങ്ങൾ പറയാമോ;

(സി) തടയണ നിർമ്മാണം പുനരാരംഭിക്കുന്നത് സംബന്ധിച്ച് ബഹു.മന്ത്രിയുടെ സാന്നിധ്യത്തിൽ ഏറ്റവും ഒടുവിലായി നടന്ന ചർച്ചയുടെ തീരുമാനങ്ങൾ വെളിപ്പെടുത്താമോ;

(ഡി) കുടിവെള്ള സ്രോതസ്സുകൾക്കും ജലസേചനത്തിനും ഏറ്റവും പ്രയോജനകരമായ ഈ തടയണ നിർമ്മാണം പുനരാരംഭിക്കുന്നതിനും പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള ഫണ്ട് അനുവദിക്കുന്നതിനും സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>വേനൽമഴക്കെടുതിമൂലം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും പ്രകൃതിക്ഷോഭത്തിൽ കൃഷി നശിച്ചവർക്കും അർഹമായ നഷ്ടപരിഹാരം</u>

7138

ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വേനൽമഴക്കെടുതിയിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും പ്രകൃതിക്ഷോഭത്തിൽ കൃഷിനശിച്ചവർക്കും അർഹമായ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആകെ എത്ര രൂപ സംസ്ഥാനത്ത് നൽകിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

കാലവർഷം - ദുരന്ത സാധ്യതാ സ്ഥലങ്ങൾ

7139 ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യുവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലവർഷം മൂലം ദുരന്തങ്ങൾ സംഭവിക്കാൻ സാധ്യതയുള്ള സ്ഥലങ്ങൾ നിർണ്ണയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം സ്ഥലങ്ങളിൽ എടുത്ത മുൻകരുതലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ദുരന്ത സാധ്യതയുള്ള പ്രദേശങ്ങൾ ഏതെല്ലാം ജില്ലയിലാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കടൽക്ഷോഭം മൂലമുള്ള നാശനഷ്ടം</u>

T7140 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കാലവർഷത്തോടൊപ്പം തുടങ്ങിയ അതിരൂക്ഷമായ കടൽക്ഷോഭം മൂലം പൊന്നാനി അടക്കമുള്ള തീരദേശ മണ്ഡലങ്ങളിൽ വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കടലാക്രമണ ഭീഷണി നേരിടുന്ന ആയിരക്കണക്കിന് വീടുകൾ സംരക്ഷിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ;

(സി) പതിറ്റാണ്ടുകളായി കരമടച്ചുകൊണ്ടിരിക്കുന്ന ഈ വസ്തു സംരക്ഷിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഇതിനായി വകുപ്പുതല ഫണ്ടുകൾ അനുവദിക്കുന്നതിന് കാത്തു നിൽക്കാതെ പ്രത്യേക ഫണ്ടുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

മൂടാടി പഞ്ചായത്തിൽ ഫ്ളഡ് ഫണ്ട് റോഡുകൾക്ക് ഭരണാനുമതി

7141 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ മുടാടി പഞ്ചായത്തിലെ ഫ്ളഡ് ഫണ്ടിൽ ഭരണാനുമതി ലഭിച്ച റോഡുകളുടെ എ.എസ്. ഭേദഗതി വരുത്തുന്നതിന് നിയമസഭ സാമാജികൻ മുഖേന 30-10-2013-ന് സമർപ്പിക്കപ്പെട്ട അപേക്ഷയിൽ (61041/13)ഇതുവരെ നടപടികൾ ആവാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച 2706/13/വി.ഐ.പി./എം.ആർ.സി. തീയതി 6.11.2013 ഉത്തരവ് റവന്യൂ ഡിപ്പാർട്ട്മെന്റിൽ ലഭിച്ചത് എന്നാണ് എന്നും പ്രസ്തുത നിർദ്ദേശം ലഭിച്ച് ഇന്നേ തീയതിയ്ക്ക് എത്ര മാസമായി എന്നും വിശദമാക്കാമോ; ഈ കാലയളവിൽ പ്രസ്തുത ഫയലിൽ നടപടികൾ പൂർത്തിയാവാതിരിക്കാനുള്ള കാരണം വിശദമാക്കാമോ;

(സി) ഈ ഫയലിൽ നടപടി തീർപ്പാക്കി എന്നത്തേക്ക് ഉത്തരവുകൾ പുറപ്പെടുവിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മരാമത്തു പണികൾ</u>

7142 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മരാമത്തു പണികൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുമ്പോൾ കാലതാമസം നേരിടുകയോ, പദ്ധതി തുക തന്നെ ലാപ്സ് ആയി പോവുകയോ ചെയ്യുന്ന സാഹചര്യം കണക്കിലെടുത്ത്, പ്രസ്തുത മരാമത്തു പ്രവൃത്തികൾ പൊതു മരാമത്തിനെ കൊണ്ട് നിർവ്വഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇല്ലെങ്കിൽ ആയതിന്റെ കാരണമെന്താണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>അനധികൃത മണൽ കടത്തിന് പിഴയിനത്തിൽ ലഭിച്ച വരുമാനം</u>

7143 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനധികൃതമായി മണൽ കടത്തിയതിന് പിടികൂടിയ വാഹനങ്ങൾക്കും മറ്റുമായി പിഴയിനത്തിൽ 2013-14 വർഷത്തിൽ റവന്യൂ വകുപ്പ് മുഖേന എത്ര രൂപയുടെ വരുമാനം ലഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) 2013-14 വർഷത്തിൽ അനധികൃത മണൽ എടുപ്പ് തടയുന്നതിനായി റവന്യൂ വകുപ്പിന് വന്ന ചെലവുകളും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>മൂക്കുന്നിമലയിലെ പട്ടയഭൂമിയിലെ വിവിധ പ്രവർത്തനങ്ങൾ</u>

7144 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂക്കുന്നിമലയിൽ റബ്ബർകൃഷിക്കായി സർക്കാർ അനുവദിച്ച പട്ടയ ഭൂമി പട്ടയത്തിലെ നിബന്ധനകൾ ലംഘിച്ചതിനാൽ തിരിച്ചെടുത്ത് ലാന്റ് ബാങ്കിൽ നിക്ഷിപ്തമാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനകം എത്ര സെന്റ് വസ്തു ലാന്റ് ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഇൻഡ്യൻ ഉപഭൂഖണ്ഡത്തിലെ തന്ത്രപ്രധാനമായ സ്ഥാനവും സതേൺ എയർ കമാന്റിന്റെ റഡാർ സ്റ്റേഷനും സ്ഥിതി ചെയ്യുന്ന മൂക്കുന്നി മലയിലെ പ്രസ്തുത പ്രദേശം സംരക്ഷിക്കണമെന്ന് ആഭ്യന്തര വകുപ്പ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ഇ) രാജ്യത്തിന്റെ സുരക്ഷയ്ക്കും പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്കും വെല്ലുവിളിയായേക്കാവുന്ന മൂക്കുന്നിമലയിലെ പാറഖനനത്തിന് നൽകിയിട്ടുള്ള ലൈസൻസുകൾ റദ്ദു ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

(എഫ്) മൂക്കുന്നിമലയിൽ അനധികൃതമായി നടത്തുന്ന ക്വാറികളുടെ പ്രവർത്തനം നിർത്തി വയ്ക്കണമെന്ന് ആവശ്യപ്പെട്ട് ജില്ലാ കളക്ടർ സ്റ്റോപ്പ് മെമ്മോ നല്കിയിട്ടും ടി ക്വാറികൾ നിർബാധം പ്രവർത്തിക്കുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ ടി ക്വാറികളുടെ പ്രവർത്തനം നിർത്തുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ക്വാറികളുടെ പ്രവർത്തനം</u>

7145 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ക്വാറികളാണ് പ്രവർത്തിക്കുന്നതെന്നും ഓരോ ക്വാറിക്കും ഖനനത്തിന് അനുമതി നൽകിയ ഭൂമിയുടെ വിസ്തൃതി, സർവ്വേനമ്പർ, ഏത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഉൾപ്പെടുന്നു എന്ന വിവരം വ്യക്തമാക്കുമോ ;

(ബി) ഭൂപരിഷ്ക്കരണ നിയമത്തിൽ അനുശാസിക്കുന്നതിൽ കൂടുതൽ ഭൂമി കൈവശം വച്ചിരിക്കുന്ന ക്വാറി ഉടമകളുടെ കൈയിൽ നിന്ന് കൂടുതലായുള്ള ഭൂമി കണ്ടെത്തി ഭൂബാങ്കിൽ വകകൊള്ളിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) റവന്യൂ ഭൂമി ക്വാറി നടത്തിപ്പുകാർ ആരെങ്കിലും കൈയ്യേറിയിട്ടുണ്ടെങ്കിൽ സ്വകാര്യ ഭൂമി, റവന്യൂഭൂമി ഇവ അളന്ന് തിട്ടപ്പെടുത്തി സർക്കാർ ഭൂമി തിരികെ പിടിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ; ഈ വിഷയത്തിൽ നാളിതുവരെ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ഇ-മണൽ സംവിധാനം</u>

7146 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കുറഞ്ഞ ചെലവിൽ ആവശ്യക്കാർക്ക് മണൽ ലഭ്യമാക്കുന്നതിന് ഇ-മണൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സംവിധാനത്തിലൂടെ മണൽ കിട്ടാതെ സാധാരണക്കാർ ബുദ്ധിമുട്ടുന്ന സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) മണൽ മാഫിയകളുടെ ചൂഷണത്തിൽ നിന്ന് സാധാരണക്കാരെ രക്ഷിക്കുന്നതിന് നല്ല രീതിയിൽ തുടങ്ങിയ ഇ-മണൽ സംവിധാനം ഫലപ്രദമാകാതെപോയ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ;

(ഡി) ഇ-മണൽ സംവിധാനത്തിൽ ജില്ലയുടെ എല്ലാ മേഖലകളിൽ നിന്നും കിട്ടുന്ന മണലുകളെല്ലാം ഇതിന്റെ കീഴിലാക്കി സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ മണൽ ലഭ്യമാക്കുന്നതിനായി ഈ സംവിധാനം കാര്യക്ഷമമാക്കുന്ന നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാടിന്റെ തീരപ്രദേശത്ത് നിയമവിരുദ്ധമായ കരമണൽ ഖനനം</u>

7147 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാടിന്റെ തീരപ്രദേശമായ കൊളവയൽ, അജാനൂർ കടപ്പുറം, ഇട്ടമ്മൽ, കാറ്റാടി എന്നീ സ്ഥലങ്ങളിൽ നിന്ന് നിയമവിരുദ്ധമായി കരമണൽ ഖനനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രാത്രികാലങ്ങളിൽ നടക്കുന്ന അനധികൃത മണൽക്കൊള്ള നിയന്ത്രിക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുക എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>പീരുമേട് താലൂക്കിൽ ബി. ടെക് ഡയറി സയൻസ് കോളേജ് സ്ഥാപിക്കാൻ ഭൂമി</u>

7148 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി പീരുമേട് താലൂക്കിൽ ബി. ടെക് ഡയറി സയൻസ് കോളേജ് സ്ഥാപിക്കുന്നതിന് സർക്കാർ സ്ഥലം വാങ്ങിയിരുന്നോയെന്നു വ്യക്തമാക്കുമോ;

(ബി) ഇത് എത്ര ഏക്കർ ഉണ്ട്; ഇത് ഇപ്പോഴും സർക്കാർ കൈവശം തന്നെയാണോയെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ ഭൂമി മറ്റെന്തെങ്കിലും ആവശ്യത്തിന് ഉപയോഗിക്കാൻ നീക്കം നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

ചേർത്തല മനോരമ ജംങ്ഷൻ വികസനം

7149 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല മനോരമ ജംങ്ഷൻ വികസനവുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പു നടപടികൾ ഏതു ഘട്ടം വരെയായി എന്നു പറയാമോ;

(ബി) സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലാ കളക്ടർ ചേർത്തല ശ്രീനാരായണ മെമ്മോറിയൽ ഗവൺമെന്റ് ബോയ്സ് ഹൈസ്കൂൾ ആഡിറ്റോറിയത്തിൽ ഉദ്യോഗസ്ഥരുടെയും, വ്യാപാരി സംഘടനകളുടെയും യോഗം വിളിച്ചു ചേർത്തത് എന്നായിരുന്നു എന്നു പറയുമോ; ഈ യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത യോഗത്തിൽ വച്ച് ജില്ലാ കളക്ടറുടെ പ്രഖ്യാപന പ്രകാരമുള്ള പുനരധിവാസ പാക്കേജ് ഏതു ഘട്ടത്തിലാണെന്നു പറയാമോ;

(ഡി) ഇതിനായുള്ള സ്ഥലമെടുപ്പു നടപടികൾക്കായി പൊതുമരാമത്ത്-റവന്യൂ ഉദ്യോഗസ്ഥരിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ട് ജില്ലാ കളക്ടർ കത്ത് നൽകിയത് എന്നായിരുന്നു; പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഈ റിപ്പോർട്ട് ലഭിച്ചോ എന്നു പറയാമോ; ഈ റിപ്പോർട്ടുകൾ ലഭിക്കാൻ തുടർന്ന് കളക്ടറേറ്റിൽ നിന്നും കത്തിടപാടുകൾ നടത്തിയത് എന്നായിരുന്നു എന്നു പറയാമോ; പ്രസ്തുത കത്തുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഇ) മനോരമ ജംങ്ഷൻ വികസനത്തിന് 335 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിൽ നിന്നും അനുവദിച്ച് ഭരണാനുമതി ലഭിച്ച് ഇത്ര കാലം കഴിഞ്ഞിട്ടും ജോലി ആരംഭിക്കാൻ കഴിഞ്ഞില്ലെങ്കിൽ പ്രസ്തുത തുക ലാപ്സാകുമെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ;ഇപ്രകാരം നടപടികൾ വൈകിപ്പിക്കുന്ന ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നു വ്യക്തമാക്കുമോ; അവർക്കെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

"സീറോ ലാന്റ്ലെസ്സ് പ്രോഗ്രാം"

7150 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സീറോ ലാന്റ്ലെസ്സ് പദ്ധതി പ്രകാരം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തു; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ സീറോലാന്റ്ലസ് പദ്ധതിയിൽ പതിച്ചുനൽകുന്ന ഭൂമി</u>

7151 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വികസന പ്രവർത്തനങ്ങൾക്കായി നീക്കിവെച്ച ഭൂമി സീറോലാന്റ്ലസ് പദ്ധതിയിൽ ഉൾപ്പെടുത്തി പതിച്ചു നൽകുന്നതിനെതിരായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡോ. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്ന ആവശ്യത്തിലേക്കായി നീക്കിവെച്ച ഭൂമി സീറോലാന്റ്ലസ് പദ്ധതിയിൽ ഉൾപ്പെടുത്തി പതിച്ചു നൽകുന്നതിനുള്ള നീക്കം ഉപേക്ഷിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

കുന്നുമെൽ ഗ്രാമപഞ്ചായത്തിലെ അംഗൻവാടി കെട്ടിടത്തിന് ഭൂമി

7152 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ കുളങ്ങരത്ത് അംഗൻവാടി കെട്ടിടത്തിന് റവന്യൂ വകുപ്പിന്റെ സ്ഥലം വിട്ടുകൊടുക്കുന്നത് സംബന്ധിച്ച അപേക്ഷ റവന്യൂ ഡിപ്പാർട്ട്മെന്റ് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ പ്രസ്തുത ഫയലിൽ റവന്യൂ വകുപ്പ് എന്തെല്ലാം നടപടികളും തീരുമാനങ്ങളും എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

**കാക്കത്തുരുത്ത് പാലത്തിന്റെ അപ്രോച്ച് റോഡിന് ഭൂമി ഏറ്റെടുക്കുന്ന നടപടി**

7153 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ എഴുപുന്ന പഞ്ചായത്തിലെ കാക്കത്തുരുത്ത് പാലത്തിന്റെ അപ്രോച്ച് റോഡിന് ഭൂമി ഏറ്റെടുക്കുന്നതിനുളള നടപടികൾ തുടരുന്നുണ്ടോ; ഇതുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലാ കളക്ടറുടെ അപേക്ഷ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) അപേക്ഷ ലഭിച്ചിട്ടുണ്ടെങ്കിൽ അതിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുളളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; സ്ഥലം ഏറ്റെടുക്കൽ നടപടികൾ താമസിക്കുന്നതു മൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം വിലയിരുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

ചാത്തന്നൂർ - പരവൂർ റോഡ് പുറമ്പോക്ക് കൈയ്യേറ്റം

7154 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ - പരവൂർ പി.ഡബ്ല്യു.ഡി. റോഡ് നവീകരണം ആരംഭിച്ചപ്പോൾ റോഡ് പുറമ്പോക്ക് സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തിയെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയത് സർവ്വേ നടത്തി അളന്ന് തിട്ടപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് ബന്ധപ്പെട്ട പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥനിൽ നിന്നും കൊല്ലം തഹസീൽദാർക്ക് അപേക്ഷ ലഭിച്ചിരുന്നുവോ;

(ബി) അപേക്ഷ എന്നാണ് ലഭിച്ചതെന്നും, പൊതു താല്പര്യ അപേക്ഷയെന്ന നിലയിൽ ഇതിന്മേൽ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) പുതുതായി പണി ആരംഭിക്കുവാൻ ടെണ്ടർ നടപടി പൂർത്തീകരിച്ച റോഡ് എന്ന നിലയിൽ എന്നത്തേക്ക് പ്രസ്തുത നടപടികൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>സേവനാവകാശ നിയമം നിലവിൽ വന്നതിനു ശേഷം ഫയലുകൾ തീർപ്പാക്കുന്നതിൽ വേഗത</u>

7155 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട്ടുള്ള കാസർഗോഡ് സബ്കളക്ടറാഫീസിൽ ഒരു വർഷത്തിലേറെ പഴക്കമുള്ള എത്ര ഫയലുകൾ പെന്റിംഗിലുണ്ട്; അവയുടെ വിഷയമുൾപ്പെടെ ലിസ്റ്റ് നൽകാമോ;

(ബി) ഈ ഓഫീസിലെ ഇ3/2012 എന്ന ഫയൽ ഏത് വിഷയവുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്; ടി ഫയലിന്റെ പൂർണ്ണമായ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(സി) ഫയലിൽ എന്തു തീരുമാനമാണ് സബ്കളക്ടർ ഓഫീസിൽ സ്വീകരിക്കേണ്ടിയിരുന്നത്; അത് സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്ന്;

(ഡി) സേവനാവകാശ നിയമപ്രകാരം ഇതിന് എത്രസമയമാണ് നിശ്ചയിച്ചിട്ടുള്ളത്; സമയപരിധി കഴിഞ്ഞും നടപടി താമസിപ്പിച്ചിട്ടുണ്ടെങ്കിൽ ഉത്തരവാദികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

നോൺ ക്രീമീലേയർ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ

7156 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യൂ. റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നോൺ-ക്രീമിലേയർ സർട്ടിഫിക്കറ്റിനു വേണ്ടി സമീപിക്കുന്ന പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളെ സർക്കാർ സർവ്വീസിൽ താഴ്ന്ന തസ്തികകളിൽ ജോലി ചെയ്യുന്ന രക്ഷകർത്താക്കളുടെ വരുമാന സർട്ടിഫിക്കറ്റും മറ്റും റവന്യൂ ഉദ്യോഗസ്ഥർ ആവശ്യപ്പെട്ട് ബുദ്ധിമുട്ടിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 5 ഹെക്ടറിൽ താഴെമാത്രം ഭൂമിയുള്ള കൃഷിക്കാരായ രക്ഷകർത്താക്കളുടെ കൃഷിഭൂമിയിൽ നിന്നുള്ള വരുമാനവും റവന്യ ഉദ്യോഗസ്ഥർ അന്വേഷിക്കാറുണ്ടെന്ന കാര്യം സർക്കാരിന് അറിയാമോ;

(സി) പിന്നോക്ക സമുദായക്കാരായ ഉദ്യോഗാർത്ഥികൾ ക്രീമിലേയർ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് നേരിടുന്ന ഇത്തരം ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാൻ മേഖലാടിസ്ഥാനത്തിലോ, ജില്ലാടിസ്ഥാനത്തിലോ വില്ലേജ് ആഫീസറന്മാരുൾപ്പെടെയുള്ള റവന്യൂ ഉദ്യോഗസ്ഥന്മാരുടെ യോഗം മന്ത്രിതലത്തിൽ വിളിച്ചു കർശ്ശന നിർദ്ദേശം നല്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>അപേക്ഷകൾ, രശീതുകൾ എന്നിവയുടെ ലളിതവൽക്കരണം</u>

7157 ശ്രീ. റ്റി. എൻ. പ്രതാപൻ
'' എം. എ. വാഹീദ്
'' തേറമ്പിൽ രാമകൃഷ്ണൻ
'' ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലെ അപേക്ഷകൾ, രശീതുകൾ എന്നിവ ലളിതവൽക്കരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇത് മുഖേന ജനങ്ങൾക്ക് ലഭിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) ആയതിനായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

ഗ്രൂപ്പ് വില്ലേജ് ഓഫീസുകളുടെ വിഭജനം

7158 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യുവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര വില്ലേജ് ഓഫീസുകൾ നിലവിലുണ്ടെന്നും എത്ര ഗ്രൂപ്പ് വില്ലേജ് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അറിയിക്കുമോ;

(ബി) തൃശ്ശൂർ ജില്ലയിൽ പ്രവർത്തിച്ചുവരുന്ന ഗ്രൂപ്പ് വില്ലേജ് ഓഫീസുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(സി) ജനങ്ങൾക്ക് ഏറ്റവും കൂടുതൽ ആശ്രയിക്കേണ്ടി വരുന്ന ഓഫീസുകളെന്ന നിലക്ക്, ജനബാഹുല്യവും പ്രവൃത്തി സൗകര്യവും പരിഗണിച്ച് ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജ് ഓഫീസുകൾ രൂപീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ഡി) നാട്ടിക മണ്ഡലത്തിലെ പാറളം ഗ്രൂപ്പ് വില്ലേജ് ഓഫീസ് വിഭജിച്ച് കോടന്നൂർ വില്ലേജ് ഓഫീസ് എത്രയും വേഗം രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>തിരുവള്ളൂര്‍ വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ ശോചനീയാവസ്ഥ</u>

7159 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് ജില്ലയിലെ തിരുവള്ളൂര്‍ വില്ലേജ് ഓഫീസ് കെട്ടിടം ശോചനീയവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ടി കെട്ടിടം പുതുക്കിപ്പണിയുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കോടന്നൂർ വില്ലേജ് ഓഫീസ് രൂപീകരണം</u>

7160 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക മണ്ഡലത്തിലെ പാറളം പഞ്ചായത്തിൽപ്പെടുന്ന പാറളം വില്ലേജ് ഓഫീസ് എത്ര വില്ലേജുകൾ കൂടി ച്ചേർന്നതാണ്; ഈ ഗ്രൂപ്പ് വില്ലേജ് ഓഫീസിന്റെ പരിധി യിൽ വരുന്ന ജനസംഖ്യയുടെ കണക്ക് വിശദമാ ക്കാമോ;

(ബി) പാറളം ഗ്രൂപ്പ് വില്ലേജിൽ എത്ര ജീവനക്കാർ നിലവിൽ സേവനമനുഷ്ടിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; നിയ മമനുസരിച്ച് ഒരു വില്ലേജിൽ എത്ര ജീവനക്കാരെ യാണ് നിയമിക്കുന്നതെന്നും അതനുസരിച്ച് പാറളം ഗ്രൂപ്പ് വില്ലേജിൽ നിയമിക്കേണ്ട ജീവനക്കാരുടെ എണ്ണം എത്രയെന്നും അറിയിക്കുമോ;

(സി) ജീവനക്കാരുടെ എണ്ണം കുറവുള്ള 3 വില്ലേജുകൾ ഒരു മിച്ചു പ്രവർത്തിക്കുന്ന പാറളം വില്ലേജ് ഓഫീസ് വിഭ ജിച്ച് പുതിയതായി കോടന്നൂർ വില്ലേജ് ഓഫീസ് രൂപീ കരിക്കാൻ സത്വര നടപടികൾ കൈക്കൊളളുമോ;

(ഡി) കോടന്നൂർ വില്ലേജ് ഓഫീസ് രൂപീകരിക്കുന്നതിന് തട സ്സങ്ങൾ ഉണ്ടെങ്കിൽ അറിയിക്കുമോ; പ്രസ്തുത പ്രശ്നം പരിഹരിക്കാൻ എന്തു മേൽനടപടികളാണ് ആവശ്യപ്പെ ട്ടിട്ടുളളതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

റവന്യു വകുപ്പിലെ സേവനവകാശ നിയമം

7161 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ഏതെല്ലാം ആഫീസുകളിൽ സേവനവകാശനിയമം നടപ്പിലാക്കി;

(ബി) സേവനവകാശ നിയമവുമായി ബന്ധപ്പെട്ട ഫോറങ്ങൾ, രജിസ്റ്ററുകൾ എന്നിവ എല്ലാ റവന്യൂ ആഫീസുകളിലും എത്തിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്ത്;

(സി) ഈ നിയമം ഫലപ്രദമായി നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിന് കാരണക്കാരായവർക്കെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ഡെപ്യൂട്ടി കളക്ടർമാരുടെ നിയമനം</u>

7162 ശ്രീ. വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1975 മുതൽ 2009 വരെയുള്ള കാലയളവിൽ കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്) സ്പെഷ്യൽ റൂൾസ് ജി.ഒ (എംഎസ്) 277/63/പി.ഡി. തീയതി 21.8.1963 ജി.ഒ (പി) 540/80/ആർ.ഡി/തീയതി 06.5.1980 (അമെന്റ്മെന്റ്)ജി.ഒ(പി) 84/94/ആർ.ഡി/തീയതി 17.3.1994 (അമെന്റ്മെന്റ്) അനുശാസിച്ചിട്ടുള്ള പ്രകാരം ഡെപ്യൂട്ടി കളക്ടർമാരുടെ ഡയറക്ട് റിക്രൂട്ട്മെന്റ് നിയമനം നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്ത്;

(ബി) 1975 മുതൽ 2009 വരെയുള്ള കാലയളവിലെ ഡെപ്യൂട്ടി കളക്ടർമാരുടെ വർഷം തിരിച്ചുള്ള പെർമനന്റ് പോസ്റ്റിന്റെ എണ്ണം എത്ര;

(സി) കേരളത്തിൽ മൊത്തം എത്ര ഡെപ്യൂട്ടി കളക്ടർമാർ ജോലി ചെയ്യുന്നുണ്ട്;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര ഡെപ്യൂട്ടി കളക്ടർമാർ ജോലി ചെയ്യുന്നുണ്ട്; ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളിലാണ് അവർ സേവനമനുഷ്ഠിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>റവന്യൂ വകുപ്പിൽ പ്രമോഷൻ</u>

7163 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ക്ലാസ്സ് 3 വിഭാഗത്തിന് താഴെയുള്ള എല്ലാ വിഭാഗം ജീവനക്കാർക്കും ലഭിച്ചിരുന്ന പ്രമോഷൻ 10% ആയി നിജപ്പെടുത്തിക്കൊണ്ട് അടുത്തകാലത്ത് ഉത്തരവിറക്കിയിരുന്നോ എന്നു പറയാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ടി ഉത്തരവ് പ്രകാരം വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്കും ഓഫീസ് അറ്റന്റന്റുമാർക്കും ലഭിക്കുന്ന പ്രമോഷൻ എത്ര വീതമാണെന്നു പറയാമോ; ഈ ഉത്തരവ് പരിഷ്കരിച്ച് വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്ക് നിലവിലുണ്ടായിരുന്ന പ്രമോഷൻ നിലനിർത്തി വീണ്ടും ഉത്തരവിറക്കിയിട്ടുണ്ടോ എന്നു പറയാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ വില്ലേജ് ഓഫീസർമാരുടെ ഒഴിവുകൾ</u>

7164 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വില്ലേജ് ഓഫീസർമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കാമോ;

(ബി) ഏതൊക്കെ വില്ലേജ് ഓഫീസുകളിലാണ് സ്ഥിരമായി വില്ലേജ് ഓഫീസർമാരില്ലാത്തത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) വില്ലേജ് ഓഫീസർമാരില്ലാത്തതു മൂലം സ്ക്കൂളിലും, കോളേജിലും അഡ്മിഷനും മറ്റും വരുമാന സർട്ടിഫിക്കറ്റ് കിട്ടാതെ വലയേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ തസ്തിക ഒഴിഞ്ഞ് കിടക്കുന്ന വില്ലേജുകളിൽ ഓഫീസർമാരെ നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>റവന്യൂ വകുപ്പിലെ സ്ഥലംമാറ്റം</u>

7165 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം റവന്യൂ വകുപ്പിൽ പൊതു സ്ഥലംമാറ്റ വ്യവസ്ഥകൾ ലംഘിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

മലപ്പുറം കളക്ടറേറ്റ് യു.ഡി.ക്ലാർക്ക്
ശ്രീ. ജുനൈദ്.കെ.എം. നൽകിയ അപേക്ഷ

7166 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കളക്ടറേറ്റിൽ റവന്യൂ വകുപ്പിൽ ജോലി ചെയ്യുന്ന യു.ഡി.ക്ലാർക്ക് ജുനൈദ്. കെ.എം. എന്നയാൾ മലപ്പുറം ജനസേവന കേന്ദ്രത്തിൽ നിലവിലുള്ള ഒഴിവിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നതിന് സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജനസേവന കേന്ദ്രത്തിലേക്ക് ടിയാനെ മാറ്റി നിയമിക്കുന്നതിന് അനുമതി നൽകുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് നടപടി</u>

7167 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഡിപ്പാർട്ടുമെന്റിൽ കാസർകോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്ക് സൗത്ത് തൃക്കരിപ്പൂർ വില്ലേജ് ഓഫീസിൽ നിന്നും 31.05.2002-ൽ വിരമിച്ച കൊല്ലം ജില്ലയിൽ കാവനാട് കന്നിമേൽ ചേരിയിൽ അശ്വതി കോക്കാട് വീട്ടിൽ പി. അരവിന്ദാക്ഷന് ആനുകൂല്യങ്ങൾ കിട്ടിയിട്ടില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടിയാന്റെ സേവന പുസ്തകം ഇപ്പോൾ എവിടെ സൂക്ഷിച്ചിരിക്കുന്നു എന്ന് വ്യക്തമാക്കുമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ടിയാന്റെ സർവ്വീസ് കാലയളവ് തുടക്കം മുതൽ റിട്ടയർമെന്റുവരെ ഏതൊക്കെ ആഫീസുകളിൽ ഏതൊക്കെ തസ്തികകളിൽ എന്നുമുതൽ എന്നുവരെ എന്ന് തീയതി സഹിതം വിശദമാക്കുമോ;

(ഡി) ടി കാലയളവിൽ ടിയാൻ കൈപ്പറ്റിയിട്ടുള്ള സേവന വേതനങ്ങളുടെ വിശദമായ വിവരണ കണക്ക് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ഇ) ടിയാന്റെ ആനുകൂല്യങ്ങൾ എത്രയുംവേഗം ലഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

കൊല്ലം സ്വദേശി ശ്രീ. പി. അരവിന്ദാക്ഷന്റെ സേവനാനുകൂല്യങ്ങൾ

7168 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഡിപ്പാർട്ട്മെന്റിൽ കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിൽ സൗത്ത് തൃക്കരിപ്പൂർ വില്ലേജ് ആഫീസിൽ നിന്നും 31.05.2002-ൽ വിരമിച്ച കൊല്ലം ജില്ലയിലെ കാവനാട് കന്നിമേൽചേരി അശ്വതി കോക്കാട്ട് വീട്ടിൽ പി.അരവിന്ദാക്ഷന് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(ബി) ടിയാന്റെ സേവനപുസ്തകം ഇപ്പോൾ എവിടെ സൂക്ഷിച്ചിരിക്കുന്നു എന്ന് വ്യക്തമാക്കുമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ടിയാന്റെ സർവ്വീസ് കാലയളവ് തുടക്കം മുതൽ റിട്ടയർമെന്റ് വരെ ഏതൊക്കെ ആഫീസുകളിൽ ഏതൊക്കെ തസ്തികകളിൽ എന്നു മുതൽ എന്നുവരെ എന്ന് തീയതി സഹിതം വിശദീകരിക്കാമോ;

(ഡി) ടി കാലയളവിൽ ടിയാൻ കൈപ്പറ്റിയിട്ടുള്ള സേവനവേതനങ്ങളുടെ വിശദമായ വിവരണകണക്ക് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ഇ) ടിയാന്റെ ആനുകൂല്യങ്ങൾ എത്രയും വേഗം ലഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കോടതിവിധി നടപ്പാക്കിക്കിട്ടുന്നതിനായി ഗോപാലൻ നാടാർ സമർപ്പിച്ച അപേക്ഷ</u>

7169 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1500/12/എം/റവന്യൂ നമ്പരായി 21.2.2012-ൽ ഗോപാലൻ നാടാർ സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) നെയ്യാറ്റിൻകര വില്ലേജിൽ ഇരുമ്പിൽ ദേശത്ത് താമരപ്പള്ളിവിള പുത്തൻവീട്ടിൽ ഗോപാലൻനാടാരുടെ വസ്തു സംബന്ധമായ കേസിൽ ബഹു. മുൻസിഫ് കോടതിയുടെ ഒ.എസ്.696/65-ാം നമ്പർ വിധിപ്രകാരം 4¼സെന്റ് പുരയിടത്തിന് ഗോപാലൻ നാടാർക്ക് കൈവശാവകാശം സിദ്ധിച്ചതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വിധിക്കെതിരെ എതിർകക്ഷി യോഹന്നാൻ നാടാർ വിവിധ കോടതികളിൽ (സബ് കോടതി, ജില്ലാ കോടതി, ഹൈക്കോടതി) നൽകിയ അപ്പീൽ തള്ളി, യോഹന്നാൻനാടാർക്ക് മുൻ സർവ്വെ 39/26 ൽ 26½സെന്റ് നിലത്തിന് മാത്രമേ അവകാശമുള്ളുവെന്ന് വിധി പ്രസ്താവിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത വസ്തു സംബന്ധമായി താലൂക്ക് സർവേയർ ജില്ലാ ഹെഡ് സർവേയർ എന്നിവർ തയ്യാറാക്കിയ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ട് കോടതി വിധിക്കനുസരിച്ചാണോ തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത റിപ്പോർട്ട് കോടതിവിധി പ്രകാരമല്ലെങ്കിൽ അത്തരം റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചതിന്റെ കാരണം വിശദമാക്കുമോ;

## കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

(ജി) സർവേയർമാർ തയാറാക്കിയ തെറ്റായ റിപ്പോർട്ടുകൾ അസ്ഥിരപ്പെടുത്തുന്നതിനും കോടതിവിധി അനുസരിച്ച് ഗോപാലൻനാടാർക്ക് അവകാശപ്പെട്ട ഭൂമി ലഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(എച്ച്) കോടതിവിധിക്ക് വിരുദ്ധമായി റിപ്പോർട്ട് തയ്യാറാക്കിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഐ) 2012 നവംബർ 8-ാം തീയതി കെ6/38314/12, ജി2/4566/12 എന്നീ നമ്പരുകളായി നെയ്യാറ്റിൻകര താലൂക്കിൽ നൽകിയ ഭൂമി പോക്കുവരവ് ചെയ്യുന്നതിനുള്ള അപേക്ഷയിന്മേൽ പ്രസ്തുത കോടതിവിധിയുടെ പശ്ചാത്തലത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിലെ നികുതി സ്വീകരിക്കാത്ത വില്ലേജുകൾ</u>

7170 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ലാന്റ് റിസംപ്ഷൻ സ്പെഷ്യൽ ഓഫീസറുടെ 31-3-2014-ലെ നം. ജി.എൽ.ആർ.(എൽ.ആർ) -02/2013(1)-ാം നമ്പർ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ ഏതെല്ലാം വില്ലേജുകളിലാണ് നികുതി സ്വീകരിക്കാത്തതെന്നു വെളിപ്പെടുത്തുമോ ;

(സി) ഇപ്രകാരം ഒരു കത്ത് തയ്യാറാക്കുവാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതു സംബന്ധിച്ച കോടതി വിധിയിൽ നികുതി സ്വീകരിക്കുന്നത് നിറുത്തണം എന്ന് രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

<u>ഓട്ടോറിക്ഷകളിൽ മീറ്റർ കാലിബ്രേഷൻ സംവിധാനം</u>

7171 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ഐ.സി. ബാലകൃഷ്ണൻ
,, പാലോട് രവി
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓട്ടോറിക്ഷകളിലെ ഫെയർ നിശ്ചയിക്കുന്നതിനുള്ള ടാക്സി മീറ്റർ കാലിബ്രേഷൻ സംവിധാനം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഏർപ്പെടുത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ആയതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>മൂഴിക്കുളം കൊച്ചുകുട്ടൻ ചാക്യാരുടെ പേരിൽ സ്മാരക കൂത്തമ്പലം</u>

7172 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭാരതീയ കലാ പാരമ്പര്യത്തിന്റെ ഉദാത്ത രൂപമായ കൂടിയാട്ടത്തെ ജീവനുതുല്യം സ്നേഹിക്കുകയും 2003 ൽ രാജ്യം പത്മശ്രീ പുരസ്കാരം നൽകി ആദരിക്കുകയും ചെയ്ത മൂഴിക്കുളം കൊച്ചുകുട്ടൻ ചാക്യാരുടെ പേരിൽ ജന്മസ്ഥലമായ അങ്കമാലി നിയോജകമണ്ഡലത്തിലെ പാറക്കടവ് പഞ്ചായത്തിൽ ഒരു സ്മാരക കൂത്തമ്പലം നിർമ്മിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ട പാറക്കടവ് ഗ്രാമപഞ്ചായത്തിലെ റവന്യു പുറംപോക്ക് ഭൂമി അനുവദിച്ച കിട്ടുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഭൂമി'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയിൽ നിന്നും ഒഴിവാക്കി സാംസ്കാരിക വകുപ്പിന്റെ പേരിൽ അനുവദിച്ചുകിട്ടുന്നതിനായി സമർപ്പിച്ചിട്ടുളള അപേക്ഷയിൽ സ്വീകരിച്ചിട്ടുളള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>സർവ്വേ വകുപ്പിന്റെ ശാക്തീകരണം</u>

7173 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സർവ്വേ വകുപ്പ് ശാക്തീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ആധുനിക സർവ്വേ സംവിധാനങ്ങൾ</u>

7174 ശ്രീ. പി.എ. മാധവൻ
,, എ.പി. അബ്ദുള്ളക്കുട്ടി
,, സണ്ണി ജോസഫ്
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധുനിക സർവ്വേ സംവിധാനങ്ങളുപയോഗിച്ച് സർവ്വേ നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതുമൂലം എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത രീതിയിൽ സർവ്വേ നടത്തുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>റീസർവ്വേയിൽ വന്ന അപാകതകൾ പരിഹരിക്കാൻ നടപടി</u>

7175 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റീസർവ്വേയുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) റീസർവ്വേ പൂർത്തിയായ വില്ലേജുകളിൽ സർവ്വേയിൽ വന്ന അപാകതകൾ പിരഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരാതികൾ വില്ലേജുതലത്തിൽ തന്നെ അതിവേഗം തീർപ്പാക്കാൻ സർവ്വേ വകുപ്പിൽ നിന്നുള്ള വേണ്ടത്ര ഉദ്യോഗസ്ഥരെ ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ?

## കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>റീസർവ്വേ സംബന്ധിച്ച പരാതികൾ</u>

7176 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റീസർവ്വേ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് വില്ലേജ് തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശം റവന്യൂ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും നൽകിയ 3.05.2012-ലെ 8612/സി.എം.പിജി.ആർ.സി3/2012/ജി.എ.ഡി നിർദ്ദേശപ്രകാരം എത്ര വില്ലേജുകളിൽ അദാലത്തുകൾ സംഘടിപ്പിച്ചു; വിശദാംശം നൽകുമോ;

(സി) ഇനി ഏതെല്ലാം വില്ലേജുകളിൽ അദാലത്തുകൾ സംഘടിപ്പാക്കാനുണ്ട്; വിശദാംശം നൽകുമോ; ആയതിന്റെ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത നിർദ്ദേശം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>സർവ്വേ-ഭൂരേഖാ വകുപ്പിൽ ഡ്രാഫ്റ്റ്മാൻ ഗ്രേഡ് -II തസ്തികയിലെ നിയമനം</u>

7177 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വേ-ഭൂരേഖാ വകുപ്പിൽ ഡ്രാഫ്റ്റ്മാൻ ഗ്രേഡ്-II -ന്റെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്നും ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയിതിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ബി) സ്പെഷ്യൽ റൂൾ പ്രകാരം ബൈപ്രൊമോഷൻ മുഖേന നികത്തേണ്ട ഒഴിവുകൾ നികത്താത്തതിന് കാരണം വ്യക്തമാക്കാമോ;

(സി) ബൈപ്രൊമോഷൻ മുഖേന പ്രൊമോഷൻ ലഭിക്കാൻ യോഗ്യരായവരുടെ അഭാവത്തിൽ ഈ ഒഴിവുകളിൽ നേരിട്ട് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>റീസർവ്വേ കഴിഞ്ഞ വില്ലേജുകളിൽ ടോറൻസ് സമ്പ്രദായം</u>

7178 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1995 മുതൽ കോട്ടയം അങ്കമാലി താലൂക്കുകളിൽ നടപ്പിലാക്കിയ ''ടോറൻസ്'' സമ്പ്രദായം സംസ്ഥാനത്ത് റീ-സർവ്വെ കഴിഞ്ഞ മുഴുവൻ വില്ലേജുകളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

ത്രിവിക്രമംഗലം ക്ഷേത്രത്തിനു സമീപമുള്ള ആറ്റുപുറമ്പോക്കു ഭൂമി സ്വകാര്യ വ്യക്തിക്കു പതിച്ചു നൽകിയ സംഭവം

7179 ശ്രീ. വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ തിരുമല വില്ലേജിൽ ത്രിവിക്രമംഗലം ക്ഷേത്രത്തിനു സമീപമുള്ള ആറ്റു പുറമ്പോക്കു ഭൂമി റീസർവ്വേക്കു ശേഷം ഒരു സ്വകാര്യ വ്യക്തിക്കു പതിച്ചു നൽകിയതിനെതിരെ തിരുവിതാകൂർ ദേവസ്വം സ്പെഷ്യൽ തഹസിൽദാർ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻ പ്രകാരം താലൂക്ക് സർവ്വെയർ ആറ്റു പുറമ്പോക്ക് പ്രത്യേകമായി അളന്നു തിരിച്ച് സ്കെച്ച് തയ്യാറാക്കി നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ സർക്കാർ ഭൂമി നഷ്ടപ്പെടാതെ അളന്ന് തിരിരച്ച്, അവിടെയുള്ള മരങ്ങൾ നമ്പർ ഇട്ട് ഭൂമി അതിർത്തി തിരിച്ച് സർക്കാർ ഭൂമി ആയിത്തന്നെ നിലനിർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) ഇതു സംബന്ധിച്ച് ത്രിവിക്രമംഗലം ക്ഷേത്രോപദേശക സമിതി ബഹു: മന്ത്രിക്ക് നൽകിയ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

ഒറ്റൂർ വില്ലേജിലെ അംഗൻവാടി നിർമ്മാണത്തിന്
ഭൂമി ലഭ്യമാക്കാൻ നടപടി

7180 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റൂർ വില്ലേജിൽ റീ സർവ്വേ 116/8-ൽപെട്ട 5.85 ആർ ഭൂമി സ്വകാര്യവ്യക്തി കൈയ്യേറിയിരിക്കുന്നതായും പ്രസ്തുത ഭൂമി അംഗൻവാടി നിർമ്മാണത്തിന് വിട്ടുകിട്ടണമെന്നാവശ്യപ്പെട്ടും ഒറ്റൂർ ഗ്രാമപഞ്ചാത്ത് 01.09.2011 -ൽ നൽകിയ അപേക്ഷയിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>സർവ്വേയും ലാന്റ് റിക്കോർഡ്സും വകുപ്പിലെ ഒഴിവുകൾ</u>

7181 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വേയും ലാന്റ് റിക്കോർഡ്സും വകുപ്പിൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ഒഴിവുകൾ ഉണ്ടായ തീയതി സഹിതം അറിയിക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ വകുപ്പിലെ ജീവനക്കാർക്ക് സ്ഥാനക്കയറ്റം വഴി നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ;

(സി) സ്ഥാനക്കയറ്റം നൽകുന്നതിന് ലിസ്റ്റ് തയ്യാറാക്കി ഡിപിസി കൂടിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കയർഗ്രാമം</u>

7182 ശ്രീ. പി. സി. വിഷ്ണുനാഥ്
,, വി. ഡി. സതീശൻ
,, ബെന്നി ബെഹനാൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസവുമായി ബന്ധപ്പെടുത്തി കയർ ഗ്രാമം സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) കയറിന്റെ ആഭ്യന്തര-വിദേശ വിപണി ശക്തിപ്പെടുത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.07.2014–ലെ മറുപടിക്ക്

കയർ മേഖലയുടെ പുനരുദ്ധാരണം

7183 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിൽ ഇപ്പോൾ എത്ര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു എന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ ലാഭകരമായി പ്രവർത്തിക്കുന്ന എത്ര സംഘങ്ങളുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ 3 വർഷത്തിനിടെ എത്ര കയർ സംഘങ്ങൾ ലിക്വിഡേറ്റ് ചെയ്യപ്പെട്ടു എന്നുള്ള വിശദാംശം നൽകുമോ;

(ഡി) ലിക്വിഡേറ്റ് ചെയ്യപ്പെട്ട സംഘങ്ങളിലെ തൊഴിലാളികളിൽ നിന്നും പിരിച്ചെടുത്ത ത്രിഫ്റ്റ് സംഖ്യ തൊഴിലാളികൾക്ക് തിരിച്ചുകൊടത്തിട്ടുണ്ടോ; ഇല്ലെങ്കിൽ തുക തിരികെ നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കയർമേഖലയ്ക്കനുവദിച്ച തുകയും കയറ്റുമതിയും</u>

7184 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷം കയർമേഖലയ്ക്ക് അനുവദിച്ച തുക ഏതൊക്കെ മേഖലയിൽ വിനിയോഗിച്ചു എന്നറിയിക്കുമോ; അതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) 2014-15 സാമ്പത്തിക വർഷം കയർമേഖലയ്ക്ക് അനുവദിച്ച തുക എത്രയെന്നറിയിക്കുമോ;

(സി) ഈ മേഖലയിൽ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) 2013-14 സാമ്പത്തിക വർഷം എത്ര കയർ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്തു എന്നറിയിക്കാമോ; ഇതുമൂലം ഉള്ള വരുമാനം സംബന്ധിച്ച വിവരം നൽകുമോ; ഏതെല്ലാം സ്ഥലങ്ങളിലേക്ക് കയറ്റുമതി നടത്തിയിട്ടുണ്ട് എന്നറിയിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കയർ ഉല്പന്നങ്ങളുടെ വിപണനം</u>

7185 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വിപണിയിൽ കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും വിപണനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) കയർഫെഡ്, കയർ വികസന കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് എന്നിവയുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം നൽകുമോ ;

(സി) കയർ ഉല്പാദക സ്ഥാപനങ്ങൾക്കാവശ്യമായ തൊണ്ട് സംഭരണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത സ്ഥാപനങ്ങൾ മുഖേന നടത്തുന്ന വിപണനം കയറ്റുമതി എന്നിവ സംബന്ധിച്ച വിവരം നല്കുമോ ;

(ഇ) സ്വകാര്യ കയർ ഉല്പാദകരുടെ ഉല്പാദനം, വിപണനം, കയറ്റുമതി എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കയർ ഉൽപന്നങ്ങളുടെ കയറ്റുമതി</u>

7186 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കയർ ഉൽപന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽവന്നശേഷം സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

## കയർ വികസനവകുപ്പിൽ നിന്നുള്ള ഉത്തരവുകൾ

7187 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ സഹകരണ സംഘങ്ങളിലെ തൊഴിലാളികളുടെ ത്രിഫ്റ്റ്, ഷെയർ, ഗ്രാറ്റുവിറ്റി തുടങ്ങിയവ അനുവദിക്കുന്നതു സംബന്ധിച്ച് 2009-10 കാലയളവിൽ കയർ വികസന വകുപ്പിൽ നിന്നും ഏതെങ്കിലും ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) കയർ സഹകരണ സംഘങ്ങളിലെ തൊഴിലാളികളുടെ ത്രിഫ്റ്റ്, ഷെയർ, ഗ്രാറ്റുവിറ്റി തുടങ്ങിയവ നൽകുന്നതു സംബന്ധിച്ച് കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഉണ്ടായിരുന്ന ഉത്തരവുകൾ ഏതെങ്കിലും റദ്ദു ചെയ്യുകയോ പരിഷ്കരിക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

കയർ ഡീഫൈബറിംഗ് മില്ലുകൾ

7188 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര കയർ ഡീഫൈബറിംഗ് മില്ലുകൾ പ്രവർത്തിക്കുന്നു; ഇതിൽ എത്ര എണ്ണം സഹകരണ മേഖലയിലും, പൊതുമേഖലയിലും, സ്വകാര്യമേഖലയിലും പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ ഡീഫൈബറിംഗ് മില്ലും 2013-14 വർഷത്തിൽ എത്ര തൊണ്ട് സംഭരിച്ചുവെന്നും എത്ര ടൺ ചകിരി ഉല്പാദിപ്പിച്ചുവെന്നും യൂണിറ്റടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കയർവില നിശ്ചയിക്കുവാൻ കമ്മിറ്റി</u>

7189 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർവില നിശ്ചയിക്കുവാൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കമ്മിറ്റി എന്ന് നിലവിൽ വന്നു എന്നറിയിക്കാമോ;

(ബി) പ്രസ്തുത കമ്മിറ്റി കയർവില നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ;

(സി) കയർവില ഉല്പാദനചെലവ് അനുസരിച്ച് പുതുക്കി നൽകിയോ എന്നറിയിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

കയർ സഹകരണ മേഖലയിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

7190 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എം. എ. വാഹീദ്
,, ലൂഡി ലൂയിസ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കയർ സഹകരണ മേഖലയിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്;

(ബി) ഇവരുടെ പ്രതിമാസ വേതന വർദ്ധനവ് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) വേതന വർദ്ധനവ് സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കയർ തൊഴിലാളികൾക്ക് ക്ഷേമനിധി</u>

7191 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര കയർ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുവെന്നും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം രൂപീകരിച്ച സംഘങ്ങൾ എത്രയാണെന്നും അറിയിക്കാമോ; പ്രസ്തുത സംഘങ്ങൾക്ക് നല്കിയ പ്രവർത്തന മൂലധനം സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സംഘങ്ങളിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നു എന്നറിയിക്കുമോ;

(സി) പ്രസ്തുത സംഘങ്ങളിലെ തൊഴിലാളികൾക്ക് ക്ഷേമനിധിയിൽ അംഗത്വം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് എന്നറിയിക്കുമോ;

(ഡി) ക്ഷേമനിധിയിൽ അംഗത്വമില്ലാത്ത തൊഴിലാളികളെ ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നൽകിയ തൊഴിൽദിനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

കയർ മേഖലയിലെ തൊഴിലാളികളുടെ എണ്ണം

7192 ശ്രീ. പി.കെ. ഗുരുദാസൻ
,, ജി. സുധാകരൻ
,, സി.കെ. സദാശിവൻ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കയർ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം കണക്കാക്കപ്പെട്ടിട്ടുണ്ടോ ; ഇതിൽ എത്ര ശതമാനം പേർക്ക് നിലവിൽ ജോലി ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കയർ വ്യവസായ സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ</u>

7193 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ വികസന വകുപ്പിനുകീഴിൽ സംയോജിത കയർ വ്യവസായ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നത് ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇതുവരെ എവിടെയെല്ലാം എത്ര വീതം സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രവർത്തന പരിധി, അംഗങ്ങളുടെ എണ്ണം എന്നിവയിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയ സംഘങ്ങൾക്ക് എന്തു സഹായമാണ് സർക്കാർ നൽകുന്നത്;

(ഇ) കയർപിരി മേഖലയിൽ കൂടുതൽ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് പ്രോജക്ട് ഓഫീസിൽ അനുമതി നൽകാതിരിക്കുന്നത് സർക്കാർ നിർദ്ദേശത്തെ തുടർന്നാണോ എന്നറിയിക്കുമോ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

<u>എറണാകുളം ജില്ലാ കയർ പ്രോജക്ട് ഓഫീസ് മാറ്റുവാനുള്ള തീരുമാനം</u>

7194 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലാ കയർ പ്രോജക്ട് ഓഫീസ് നോർത്ത് പറവൂരിൽ പ്രവർത്തനം ആരംഭിച്ചിട്ട് എത്ര വർഷമായെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസിന്റെ പ്രവർത്തനം മറ്റൊരിടത്തേയ്ക്ക് മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ, കാരണം വ്യക്തമാക്കാമോ;

(ഡി) ഓഫീസ് മാറ്റുവാനുള്ള തീരുമാനം വളരെയേറെ ബുദ്ധിമുട്ട് സൃഷ്ടിക്കുമെന്ന് കാണിച്ചുകൊണ്ട് കയർ തൊഴിലാളികളും അനുബന്ധ ജീവനക്കാരും നൽകിയ പരാതിയിൻമേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

<u>ചേർത്തല താലൂക്കിലെ പുതിയ കയർ പിരി സംഘങ്ങൾ</u>

T7195 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്കിൽ പുതുതായി എത്ര കയർപിരി സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു;

(സി) സംഘങ്ങൾരൂപീകരിക്കുന്നതിന് പ്രവർത്തന പരിധിയും അംഗത്വ നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) കൂടുതൽ കയർപിരിക്കാർ ഉള്ള വാർഡുകളിൽ നിന്നും പുതിയ സംഘങ്ങൾ രജിസ്റ്റർ ചെയ്തു നൽകാതിരിക്കുകയും നിലവിലുള്ള സംഘങ്ങളിൽ പുതിയ അംഗങ്ങളെ ചേർക്കാതിരിക്കുകയും ചെയ്യുന്നുവെന്ന പരാതി പരിശോധിക്കുമോ;

(ഇ) പുതിയ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നത് ഏതു പദ്ധതി പ്രകാരമാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

അരൂർ - ചേർത്തല മണ്ഡലങ്ങളിലെ കയർപിരി സംഘങ്ങൾ

7196 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരൂർ - ചേർത്തല മണ്ഡലങ്ങളിൽ പുതുതായി കയർപിരി സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് കയർവികസന വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത സംഘങ്ങൾ ഏതെല്ലാം ഓഫീസുകളിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഓരോ സംഘങ്ങൾക്കും പ്രവർത്തന പരിധി, അംഗങ്ങളുടെ എണ്ണം എന്നിവ നിജപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതുവരെ എത്ര സംഘങ്ങൾ രജിസ്റ്റർ ചെയ്തു; ഏതെല്ലാം?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ചകിരി സംഭരണം</u>

7197 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ചകിരി സംഭരണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ എത്ര ടൺ ചകിരി സംഭരിച്ചു എന്നറിയിക്കുമോ ;

(സി) സംഘങ്ങൾക്ക് ചകിരി നൽകുന്ന രീതി എങ്ങനെയാണ് എന്നറിയിക്കുമോ ;

(ഡി) ഇതിനുവേണ്ടി എത്ര തുക ചെലവഴിച്ചു എന്നറിയിക്കുമോ ;

(ഇ) സംഘങ്ങൾക്ക് സബ്സിഡി ഇനത്തിൽ എത്ര തുക നൽകിയെന്നും ഇനി നല്കാനുള്ള തുക എത്രയെന്നും അറിയിക്കുമോ ;

(എഫ്) ഇനിയും നൽകാനുള്ള തുക അടിയന്തരമായി കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?